➡ ചൈനയുടെ കടന്നു കയറ്റം സ്വന്തം മണ്ണുപേക്ഷിച്ചു പോകാൻ നിർബന്ധിതരാക്കി ➡

# രാഷ്ട്രീയ ഭൂപടത്തിൽ ഒരിടം സാധ്യമാകും വരെ...

ചൈനീസ് അതിക്രമത്തെ തുടർന്ന് ലോകത്തിന്റെ പല ഭാഗങ്ങളിൽ അഭയാർത്ഥികളായി കഴിയേണ്ടിവരുന്ന തിബറ്റൻ ജനതയുടെ സ്വാതന്ത്ര്യ സങ്കൽപങ്ങളെക്കുറിച്ചും പോരാട്ടങ്ങളെക്കുറിച്ചും സംസാരിക്കുന്നു

**തെൻസിൻ സുൻഡു / സുപ്രിയ. എം. ഭൂഷൺ**

**ലോകത്തിന്റെ മേൽക്കൂരയെന്നറിയപ്പെടുന്ന താങ്കളുടെ മനോഹരമായ രാജ്യത്ത് പ്രശ്നങ്ങൾ ഉടലെടുക്കുന്നത് എന്നു മുതലാണ് ?**

നിങ്ങൾ പറഞ്ഞതു പോലെ സുന്ദരമായ, മഞ്ഞുനിറഞ്ഞ കൊടുമുടികളും കാറ്റ് ആഞ്ഞടിക്കുന്ന പീട്ടഭൂമികളും ഉള്ള, സമുദ്ര നിരപ്പിൽ നിന്നും ശരാശരി 4900 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന രാജ്യമാണ് തിബറ്റ്. സ്വർഗ്ഗം എന്നർത്ഥം വരുന്ന ത്രിവിഷ്ടപം എന്ന സംസ്കൃത വാക്കിൽ നിന്നുണ്ടായതാണ് ഈ രാജ്യത്തിനെ പേര്. 25 ലക്ഷം ച.കി.മീ വിസ്തീർണ്ണമുള്ള അവിടെ 60 ലക്ഷം തിബറ്റുകാരും 75 ലക്ഷം ചീന കുടിയേറ്റക്കാരുമാണ് വസിച്ചിരുന്നത്. 1949–50 കാലത്ത് സ്വതന്ത്ര പരമാധികാര ടിബറ്റിനെ ചൈനയുടെ സൈന്യം അധിനിവേശം ചെയ്തതോടെയാണ് പ്രശ്നങ്ങൾ തുടങ്ങിയത്.

**അന്ന് പലായനം ചെയ്തു പോയവരൊക്കെ എവിടെയാണ്?**

ദലൈലാമ അടങ്ങുന്ന ആ വലിയ സംഘത്തിന് അന്ന് ഇന്ത്യ രാഷ്ട്രീയ അഭയം നൽകുകയും പ്രവാസി സർക്കാരിന്റെ ആസ്ഥാനമായി ഹിമാചൽപ്രദേശിലെ ധർമശാല എന്ന സ്ഥലം അനുവദിക്കുകയും ചെയ്തു. ഒരു ലക്ഷത്തി മുപ്പതിനായിരം പേരോളം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും അമ്പതിനായിരം പേർ മറ്റു രാജ്യങ്ങളിലും അഭയാർത്ഥികളായി കഴിയുന്നു. കുറേപ്പേർ പ്രതികൂലമായ കാലാവസ്ഥയെ അതിജീവിക്കാനാവാതെ മരിച്ചു വീണു.

**ഇന്ന് തിബറ്റ് ജനത പോരാടിക്കൊണ്ടിരിക്കുന്നത് എന്തെല്ലാം അവകാശങ്ങൾക്ക് വേണ്ടിയാണ്?**

1959ൽ ചൈന തിബത്തിനെ അധിനിവേശപ്പെടുത്തിയ അന്ന് മുതലാണ് തിബറ്റ് പ്രശ്നം ഏറ്റവും കലുഷിതമായി തുടങ്ങുന്നത്. ധാരാളം കൃഷിയും കന്നുകാലികളുമൊക്കെയായി പ്രകൃതിയോട് ഏറ്റവും ഇണങ്ങി കഴിഞ്ഞിരുന്നവരാണ് തിബറ്റുകാർ. എന്നാൽ ചൈനയുടെ കടന്നു കയറ്റം അവരെ സ്വന്തം മണ്ണുപേക്ഷിച്ചു പോകാൻ നിർബന്ധിതരാക്കി. ഹിമാലയം വഴി ഇന്ത്യയിലേക്ക് കടക്കുകയാണ് അന്ന് പലരും ചെയ്തത്. എന്നാൽ ചൈനയാകട്ടെ അക്രമം അഴിച്ചുവിട്ടു. പലായനം ചെയ്തിരുന്നവരെ കൊന്നൊടുക്കി. ബുദ്ധവിഹാരങ്ങൾ തകർക്കുകയും

ബോംബ് വർഷിക്കുകയും ചെയ്തു. ഇതിനെതിരെ പ്രകടനം നടത്തിയ നൂറുകണക്കിനു പേരെ കൊന്നൊടുക്കി. തിബറ്റിനെ മാതൃരാജ്യത്തിലേക്ക് കൂട്ടിച്ചേർക്കാം എന്ന വാഗ്ദാനം നൽകിയാണ് ചൈന തിബറ്റിൽ വന്നു കയറിയത്. ഇന്ന് ഞങ്ങൾക്ക് സ്വന്തം രാജ്യമോ, രാഷ്ട്രീയ ഭൂപടത്തിലൊരിടമോ ദേശീയ പതാകയോ അവകാശപ്പെടാനില്ലാത്ത അവസ്ഥയാണ്. അതൊക്കെ മാറണം. ഈ അവകാശങ്ങൾ ഏതു വിധേനയും നേടിയെടുക്കണം. അതിനു മരണം വരിക്കാനും ഞങ്ങൾ തയ്യാറാണ്.

**തിബറ്റൻ ജനത സ്വപ്നം കാണുന്ന രാജ്യം എങ്ങിനെയുള്ളതാണ്?**

വിശ്വാസികളും ആത്മീയന്വേഷികളുമാണ് തിബറ്റുകാർ. പരമാധികാരവും ജനാധിപത്യപരവുമായ ഒരു സർവ്വസ്വതന്ത്ര രാഷ്ട്രമാണ് ഞങ്ങൾ സ്വപ്നം കാണുന്നത്. ഞങ്ങളുടെ പാരമ്പര്യത്തിന് ഊന്നൽ നൽകുന്ന രാജ്യം. വളരെ ലളിതമായ ജീവിത രീതികളാണ് ഞങ്ങൾക്കുള്ളത്. അവയൊക്കെയും പഴയ പോലെ സംരക്ഷിക്കപ്പെടണം. പണ്ട്, പലായന കാലത്ത് അറ്റുപോയ കുടുംബങ്ങളെ ഒന്നിപ്പിക്കണം. തിബറ്റിൽ ജനിച്ചവരും പിന്നീട് അവരിൽ നിന്നുണ്ടായ തലമുറയും അടിസ്ഥാനപരമായി ആ നാട്ടുകാരാണ്. അവർക്കൊക്കെയും ആ സ്വതന്ത്രമണ്ണിൽ ജീവിക്കണം. അവിടെ തന്നെ മരിക്കുകയെങ്കിലും വേണം.

**വേരുകൾ തിബറ്റിലെങ്കിലും ജന്മം കൊണ്ട് താങ്കളുടെ രാജ്യം ഇന്ത്യയല്ലേ?**

ഞാൻ ജനിച്ചത് മണാലിയിലാണ്. റോഡ് പണിക്കു വേണ്ടി എന്റെ രക്ഷിതാക്കൾ താമസിച്ചിരുന്ന ഒരു അഭയാർത്ഥി ക്യാമ്പിലെ ടെന്റിൽ. ഞാനൊരു തിബറ്റ്കരനാണെന്നോ ഇന്ത്യക്കാരനാണെന്നോ അമ്മ പറഞ്ഞില്ല. അഭയാർത്ഥിയാണെന്ന് മാത്രം പറഞ്ഞു തന്നു. വിശപ്പിന്റെയും ദാരിദ്ര്യത്തിന്റെയും ആ നാളുകളിൽ എന്റെ ജനനം പോലും ആരും രേഖപ്പെടുത്തി വച്ചിരുന്നില്ല. സ്കൂളിൽ ചേരേണ്ടി വന്നപ്പോഴാണ് ആ വിഷമം ഞാൻ മനസിലാക്കിയത്. ഇപ്പോൾ നിലവിലുള്ള രേഖകൾ പ്രകാരം എനിക്ക് മൂന്ന് ജനനതീയതിയാണുള്ളത്. എന്നാൽ ഇതുവരെയും ഞാനെന്റെ ഒറ്റ ജന്മദിനവും ആഘോഷിച്ചിട്ടില്ല.

എന്റെ രക്ഷിതാക്കൾ ഇപ്പോൾ കർണ്ണാടകയിലാണ് ജീവിക്കുന്നത്. ആറുസഹോദരങ്ങളുമുണ്ട്. വർഷത്തിൽ ഒരിക്കലോ രണ്ട് വർഷം കൂടുമ്പോഴോ ഞാൻ അവരെ സന്ദർശിക്കാറുണ്ട്. ഞാൻ വിദ്യാഭ്യാസം പൂർത്തിയാക്കിയത് ഹിമാചൽപ്രദേശ്, മദ്രാസ്, ലഡാക്ക്, മുംബൈ എന്നിവിടങ്ങളിലായാണ്. തിബറ്റ് ആണ് എന്റെ ഭാഷ എന്നു പറയാൻ ആഗ്രഹം ഉണ്ടെങ്കിലും കൂടുതലും ഞാൻ ഉപയോഗിക്കേണ്ടി വരുന്നത് ഹിന്ദിയും ആംഗലേയ ഭാഷയുമാണ്.

**തിബറ്റിന്റെ സ്വാതന്ത്ര്യത്തിനായി പോരാടുക എന്ന ലക്ഷ്യത്തിലേക്ക് എന്നാണ് താങ്കൾ എത്തിച്ചേരുന്നത്?**

തിബറ്റുകാരുടെ വേദനകളും സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ശ്രമങ്ങളും കഥകളും ഞാൻ വളരെ ചെറുപ്പത്തിലെ കേട്ടുതുടങ്ങിയിരുന്നു. മുതിർന്നവരിൽ നിന്നും ടീച്ചർമാരിൽ നിന്നും പുസ്തകങ്ങളിൽ നിന്നും ഞാൻ തിബറ്റിന്റെ ചരിത്രം മനസിലാക്കി. ആ അറിവുകൾ ഒരു ആക്ടിവിസ്റ്റ് ആകണം എന്ന തീരുമാനത്തിലേക്ക് എന്നെ ചെറുപ്പത്തിലെ എത്തിച്ചിരുന്നു. അതിനു വേണ്ടി വായിക്കുകയും ഗൃഹപാഠം ചെയ്യുകയും ചെയ്തു. അതായിരിക്കണം വലുതാകുമ്പോൾ എന്റെ തൊഴിൽ എന്നും ഞാൻ അന്നുതന്നെ തീരുമാനിച്ചതാണ്. അനീതികൾക്കെതിരെ പോരാടണമെന്ന് പണ്ടേ ആഗ്രഹിച്ചതാണ്.

**താങ്കൾ നെറ്റിയിൽ ധരിച്ചിരിക്കുന്ന ചുവന്ന തൂവാലയ്ക്ക് ഈ ആക്ടിവിസവുമായി എന്തെങ്കിലും ബന്ധമുണ്ടോ?**

ഇതൊരു പ്രതിബദ്ധതയാണ് എനിക്ക്. ഞാൻ ചെറുപ്പത്തിലെടുത്ത ഒരു പ്രതിജ്ഞയോടുള്ള പ്രതിബദ്ധത. 1993ൽ അഞ്ചാം ക്ലാസ്സ് വിദ്യാർഥിയായിരിക്കെയാണ് ഞാൻ ഇങ്ങനെ ഒരു തീരുമാനത്തിൽ എത്തിയത്. വലുതാവുമ്പോൾ പീഡിതരായ തിബറ്റുകാർക്ക് വേണ്ടി ശബ്ദിക്കുന്ന പ്രവർത്തകനാകുമെന്നും തിബറ്റ് സ്വതന്ത്ര രാഷ്ട്രമാകും വരെ ഇത് ധരിക്കുമെന്നും പ്രതിജ്ഞയെടുത്തു. ഒരു സ്വതന്ത്രരാഷ്ട്രത്തിന്റെ സ്വതന്ത്ര പൗരനാകുമ്പോൾ ഇത് എന്നിൽ നിന്നും മാറ്റപ്പെടും.

**2002ൽ മുംബൈയിൽ എത്തിയ ചൈനീസ് പ്രധാനമന്ത്രിക്കു മുന്നിൽ ബാനറും തിബറ്റൻ പതാകയുമായെത്തി താങ്കൾ പ്രതിഷേധിച്ച് ഓർക്കുന്നു. അതിന് എന്തെങ്കിലും ഫലമുണ്ടായോ?**

തിബറ്റുകാരുടെ ഇന്നത്തെ അവസ്ഥയ്ക്ക് കാരണക്കാർ ചൈനയാണ്. അവഗണനയും അടിച്ചമർത്തലുകളും സഹിക്കാവുന്നതിലും അപ്പുറമാണ്. വലിയ വിപ്ലവം പ്രതീക്ഷിച്ചല്ല അന്ന് ഞാൻ അങ്ങനെ ചെയ്തത്. എന്നാൽ വേറിട്ട ഒരു പ്രതിഷേധമാർഗ്ഗം കൊ



**ചൈനയുടെ ആക്രമണ കാലത്ത് ഞങ്ങൾക്ക് രാഷ്ട്രീയ അഭയം നൽകിയവരാണ് ഇന്ത്യക്കാർ. എന്നാൽ പിന്നീട് ഇന്ത്യയും തിബറ്റിനെ വേണ്ടത്ര പരിഗണിച്ചിട്ടില്ല എന്നത് വിഷമകരമാണ്. ഇപ്പോഴും ഇന്ത്യക്കാർ ഞങ്ങളെ ചൈനക്കാർ ആയി തെറ്റിദ്ധരിക്കുന്നു എന്നതിലാണ് ഞങ്ങൾക്ക് ദേഷ്യവും പരാതിയുമുള്ളത്**

ണ്ട് മാത്രമേ വേണ്ടത്ര ശ്രദ്ധ കിട്ടുകയുള്ളൂ എന്നുദ്ദേശിച്ചാണ് 14 നില കെട്ടിടത്തിന് മുകളിൽ അതിസാഹസികമായി കയറിപ്പറ്റിയതും തിബറ്റിന്റെ പതാക ചൈനീസ് പ്രാധാനമന്ത്രിക്ക് നേരെ വീശിയതും. ഞങ്ങൾക്കു പറയാനുള്ളത് അദ്ദേഹത്തിന്റെ ചെവിയിൽ എങ്ങിനെയെങ്കിലും എത്തിക്കണമായിരുന്നു. അല്ലാത്ത പക്ഷം ഞങ്ങളെ എന്നും അടിച്ചമർത്താമെന്ന് ചൈന കരുതും. അത് അനുവദിക്കരുത്. ഞങ്ങളെ സംബന്ധിച്ച് അത് വലിയ നാണക്കേടാണ്. സ്വതന്ത്ര തിബറ്റ് എന്ന ബാനറും പതാകയും ഉയർത്തിയതിനെ തുടർന്ന് അവർ എന്നെ അറസ്റ്റു ചെയ്യും  വരെ മുദ്രാവാക്യം വിളിക്കാനും ഞാൻ മടി കാണിച്ചില്ല. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ അറുന്നൂറോളം തിബറ്റുകാർ പങ്കെടുത്ത നിരാഹാര സമരവും അവിടെ നടന്നു കൊണ്ടിരിക്കുകയായിരുന്നു. എന്നിട്ടും വേണ്ടത്ര ശ്രദ്ധ കിട്ടിയിരുന്നില്ല. ആ സമയത്താണ് ഈ വേറിട്ട പ്രതിഷേധത്തിന് മാധ്യമ ശ്രദ്ധ കിട്ടിയതും ഈ വിഷയം ആളുകൾ അറിഞ്ഞതും. ആ പ്രയത്നം ഏറെക്കുറെ വിജയകരമായിരുന്നു. അന്ന് അത്രയെങ്കിലും ചെയ്യാൻ കഴിഞ്ഞതിൽ ഞാൻ കൃതാർത്ഥനാണ്.

**താങ്കളുടെ തിബറ്റൻ വിമോചന പോരാട്ടത്തിന് ഊർജ്ജം പകരുന്ന ഏതെങ്കിലും വ്യക്തികളോ ദാർശനികരോ ഉണ്ടോ?**

ഗാന്ധിജി എനിക്ക് വലിയ ഊർജ്ജം തരുന്നു. അഹിംസയിൽ അധിഷ്ഠിതമായ അദ്ദേഹത്തിന്റെ സമരമുറകളും ദർശനവും എനിക്കെന്റെ ലക്ഷ്യത്തെ കൂടുതൽ പ്രതീക്ഷയോടെ നോക്കിക്കാണാൻ പ്രാപ്തി നൽകി. അദ്ദേഹം പ്രവൃത്തികളിലൂടെ വലിയ ദർശനങ്ങൾ ആഹ്വാനം ചെയ്ത മനുഷ്യനാണ്. എന്നാൽ പലരും അദ്ദേഹത്തിന്റെ അഹിംസ മാർഗ്ഗത്തെ തെറ്റായാണ് മനസ്സിലാക്കുന്നത്. ഒന്നും ചെയ്യാതെ കാത്തിരിക്കുക മാത്രമാണ് അഹിംസയെന്ന് പലരും കരുതി. എന്നാൽ ദേഷ്യവും പകയുമില്ലാതെ കൂടുതൽ ലക്ഷ്യബോധത്തോടെ അധ്വാനിക്കുന്നതാണ് അഹിംസ. നമ്മുടെ പ്രവൃത്തിയെ ശുഭാപ്തിവിശ്വാസത്തോടെ കാണുകയും ഫലപ്രാപ്തിക്കായി ക്ഷമയോടെ കാത്തിരിക്കുകയുമാണ് വേണ്ടത്. അതുപോലെ ദലൈലാമയും എന്നെ ഏറെ ചിന്തിപ്പിക്കുകയും ദർശനങ്ങൾ പകരുകയും ചെയ്തിട്ടുണ്ട്. ബുദ്ധദർശനങ്ങളും ഞാൻ എപ്പോഴും മനസ്സിൽ സൂക്ഷിക്കുന്നു. എന്നാൽ അന്തിമമായി എന്റെ തീരുമാനങ്ങളെല്ലാം എന്റെ മനസ് പറയുന്ന ശരികൾ മാത്രമായിരിക്കും.

**താങ്കളുടെ ആക്ടിവിസം ഇപ്പോൾ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ കാര്യക്ഷമമാണെന്ന് തോന്നിയിട്ടുണ്ടോ?**

ഒരു ആക്ടിവിസ്റ്റ് മറ്റുള്ളവരേക്കാൾ കൂടുതൽ ജോലി ചെയ്യേണ്ടവരാണ്. കാര്യങ്ങൾ ശരിയായ ഗതിയിലല്ല പോകുന്നതെന്നും അത് ഏതുവഴിക്ക് തിരിച്ചു വിടണമെന്നും അവർക്ക് കൃത്യമായി അറിയാൻ കഴിയണം. ലക്ഷ്യവും മാർഗ്ഗവും തിരഞ്ഞെടുക്കുമ്പോൾ തന്നെ അത് ശ്രദ്ധിക്കണം. സത്യത്തിനെയും നീതിയെയും മോചിപ്പിക്കാൻ അവർക്ക് കഴിയണം. പലപ്പോഴും നീതിന്യായവ്യവസ്ഥയും മറ്റ് സാഹചര്യങ്ങളും പ്രതികൂലമായെന്നും വരാം. ആക്ടിവി

സ്റ്റുകൾ കുറ്റവാളികൾ എന്നു വരെ മുദ്രകുത്തപ്പെട്ടേക്കാം. പക്ഷെ കൂടുതൽ ശ്രദ്ധയോടെ ലക്ഷ്യത്തിലെത്താൻ ശ്രമിക്കണം. ഇന്ന് നിയമപാലനവും നീതിന്യായവ്യവസ്ഥയും ശരിയായല്ല നടക്കുന്നത്. നിയമനിർമ്മാണം എങ്ങനെ വേണമെന്ന് എപ്പോഴും ഒരു വിഭാഗം നിശ്ചയിക്കുന്നു. പക്ഷെ അവർ നിശ്ചയിക്കുന്നത് പലപ്പോഴും ശരിയാകാറില്ല. സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർക്ക് അതുകൊണ്ട് ഗുണമുണ്ടാകാറില്ല. ഇവരുടെ ശബ്ദം പ്രതിഫലിപ്പിക്കാനാണ് ആക്ടിവിസ്റ്റുകൾ മുഖ്യമായും ശ്രമിക്കേണ്ടത്. കച്ചവടക്കണ്ണ് മാത്രമുള്ള മാധ്യമങ്ങളും നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് തടസ്സമാകാം. ആക്ടിവിസ്റ്റുകൾ സ്വന്തം മനസാക്ഷിയുടെയും ആത്മാവിന്റെയും സന്തോഷത്തിന് വേണ്ടി പ്രവർത്തിക്കുന്നവരാണ്. അവരുടെ പ്രതിഫലം ആന്തരികമായ ശാന്തിയും സമാധാനവുമാണ്. ആളുകൾ സ്നേഹിക്കുകയും അഭിവാദ്യം ചെയ്യുകയും ചെയ്യുമ്പോൾ അവർ പലപ്പോഴും സന്തോഷം അനുഭവപ്പെടാറുണ്ട്.




**തിബറ്റൻ പ്രശ്നത്തിൽ ഇന്ത്യക്കെന്തു ചെയ്യാൻ കഴിയുമെന്നാണ് തിബറ്റ് പ്രതീക്ഷിക്കുന്നത്?**

ചൈനയുടെ ആക്രമണ കാലത്ത് ഞങ്ങൾക്ക് രാഷ്ട്രീയ അഭയം നൽകിയവരാണ് ഇന്ത്യക്കാർ. എന്നാൽ പിന്നീട് ഇന്ത്യയും തിബറ്റിനെ വേണ്ടത്ര പരിഗണിച്ചിട്ടില്ല എന്നത് വിഷമകരമാണ്. ഇപ്പോഴും ഇന്ത്യക്കാർ ഞങ്ങളെ ചൈനക്കാർ ആയി തെറ്റിദ്ധരിക്കുന്നു എന്നതിലാണ് ഞങ്ങൾക്ക് ദേഷ്യവും പരാതിയുമുള്ളത്. മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് തിബറ്റ് ഒറ്റപ്പെട്ടുകിടക്കുന്ന സ്ഥലമാണ്. പുത്തൻ സാങ്കേതികവിദ്യയെ കുറിച്ച് വലിയ അറിവും അതിന്റെ സാധ്യതകളെ കുറിച്ച് പരിജ്ഞാനവും ഇല്ലാത്തവരാണ് തിബറ്റുകാർ. അതുകൊണ്ട് അവർക്ക് കൂടുതൽ ജോലി ചെയ്യേണ്ടി വരുകയും അവഗണന അനുഭവിക്കേണ്ടിയും ചെയ്യുന്നു. എന്നാലും ഇന്ത്യക്ക് ഞങ്ങളുടെ കൂടെ നിൽക്കാനും ശബ്ദിക്കാനും കഴിയും. ഞങ്ങൾക്ക് പ്രതീക്ഷയുണ്ട്. എനിക്ക് ഇന്ത്യൻ സുഹൃത്തുക്കളാണ് കൂടുതലുള്ളത്. അവരെല്ലാം എന്റെ ഇപ്പോഴത്തെ ലക്ഷ്യത്തെ പിന്താങ്ങുകയും പ്രോത്സാഹിപ്പിക്കുകയും സഹായങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. അത് എന്നെ ഏറെ സന്തോഷവാനാക്കുന്നു.

**നിരന്തര യാത്രകളും വിവിധ സംസ്കാരങ്ങളുമായുള്ള ഇടപെടലുകളും സ്വാധീനിക്കാറുണ്ടോ?**

യാത്രകളെല്ലാം എന്റെ ജോലിയുടെ ഭാഗം മാത്രമായി സംഭവിക്കുന്നവയാണ്. അവയൊന്നും ആസ്വദിക്കാൻ ശ്രമിക്കാറില്ല. എന്റെ ലക്ഷ്യം വളരെ വലുതാണെന്നും അതിലേക്കു മാത്രമാവണം ശ്രദ്ധ എന്നും ഞാൻ കരുതുന്നു. എന്റെ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനെ ഭാഗമായി ഇതുവരെയായി 14 ലേറെ രാജ്യങ്ങൾ സന്ദർശിച്ചു. പക്ഷെ അവിടുത്തെ ചരിത്ര സ്മാരകങ്ങളോ വിനോദസഞ്ചാര ഇടങ്ങളോ കാണാൻ ഞാൻ ശ്രമിച്ചിട്ടില്ല. യാത്ര എനിക്ക് വിനോദമല്ലല്ലോ. പുതിയ സംസ്കാരങ്ങളെ അറിയാൻ കഴിയുന്നത് സന്തോഷം തന്നെയാണ്. എന്നാൽ വിവിധ രുചികൾ ആസ്വദിക്കുന്നതിലോ പ്രകൃതിദൃശ്യം കാണുന്നതിലോ ഒരു താൽപര്യവും എനിക്കില്ല. ജീവിക്കാൻ വേണ്ടി മാത്രം ആഹാരം കഴിക്കുന്ന ഒരാളാണ് സസ്യഭുക്കായ ഞാൻ. സാധാരണ തിബറ്റുകാർ മാംസാഹാരമാണ് കഴിക്കാറുള്ളത്. എന്നാൽ അതിലെ അധാർമ്മികത എന്നെ വല്ലാതെ വേട്ടയാടി തുടങ്ങിയപ്പോഴാണ് ഞാൻ സസ്യാഹാരിയായത്. ലോകത്തെ ഏറ്റവും മികച്ച ഭക്ഷണം തന്നാലും അതെനിക്ക് വേണ്ടത്ര രുചികരമായി അനുഭവപ്പെടുമെന്ന് തോന്നുന്നില്ല.

**സുഹൃദ്ബന്ധങ്ങളും വ്യക്തിപരമായ താല്പര്യങ്ങളുമൊക്കെ ഈ തിരക്കുകൾക്കിടയിൽ നഷ്ടപ്പെടുന്നുണ്ടോ?**

സുഹൃത്തുക്കളാണ് എന്റെ ലോകം. അതിൽ തന്നെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ഇന്ത്യക്കാരാണ് കൂടുതൽ. അവരെല്ലാം എന്നെ സ്നേഹിക്കുകയും ശക്തനാക്കുകയും ചെയ്യുന്നു. ഞാൻ പാട്ടുകൾ കേൾക്കാറുണ്ട്. സിനിമകൾ കാണാറുണ്ട്. നാടകവും ഇഷ്ടമാണ്. രണ്ടു വർഷം മുൻപ് എന്റെ തന്നെ ജീവിതം നാടകമായി അവതരിപ്പിക്കാൻ ഓസ്ട്രേലിയയിൽ അവസരം ലഭിച്ചു. ഒന്നര മണിക്കൂർ നീണ്ടു നിന്ന ആ നാടകത്തിന് നല്ല പ്രതികരണമാണ് ലഭിച്ചത്. ഏഴ് സംഗീത വിദഗ്ധർ എനിക്കൊപ്പം ആ പരിപാടിയിൽ സംബന്ധിച്ചു. ഇങ്ങനെയെല്ലാം ഞാൻ എന്റെ താൽപര്യങ്ങളെ ജോലിയുമായി ബന്ധിപ്പിച്ച് തൃപ്തിപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ നഷ്ടബോധവും തോന്നാറില്ല. ■